**D 31930** (Pages : 3) Name.....................................

Reg. No.....................................

**THIRD SEMESTER (CBCSS–UG) DEGREE EXAMINATION, NOVEMBER 2022**

Malayalam

MAL 3B 03—NAVEENA MALAYALA KAVITHA

(2019 Admission Onwards)

Time : Two Hours and a Half — Maximum : 80 Marks

## Part A

രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.
പരമാവധി 25 മാർക്ക്.

1. 'വൻകരകളിൽ പടരുന്ന ഭൂമി കുലുക്കുന്ന പാട്ടുകളെയും' എന്ന വരികൾ സൂചിപ്പിക്കുന്നതെന്ത് ?
2. "ഇവളെ പാവമീക്കുഞ്ഞു
   സീതയെ, ജ്ജഗദംബ, നിൻ
   ഒഴവിൻ ചാലിലായ് മെല്ലെ
   ക്കിടത്തുമ്പോൾ അനാഥയായ്"
   –ആശയം വ്യക്തമാക്കുക.
3. 'പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും'–അർത്ഥം വ്യക്തമാക്കുക.
4. "ഇടക്കിടക്കെന്റെ വനചേതസ്സിലാ-
   മൃഗ പൗരാണികൻ കുടഞ്ഞെണീക്കുന്നു"
   –'മൃഗശിക്ഷകൻ' എന്ന കവിതയിൽ വിജയലക്ഷ്മി ഇങ്ങനെ പ്രസ്താവിക്കുന്നത് എന്തു കൊണ്ട് ?
5. ആദ്യത്തെ അഞ്ചു രൂപയുടെ നഷ്ടം–എന്നതു കൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത് ?
6. "നിന്റെ ജീവനിലഴുകിയ
   ഭാഗ്യ, മെന്തൊരു ഭാഗ്യം"
   –'പോത്ത്' എന്ന കവിതയിൽ തെളിയുന്ന കവിയുടെ മനോഭാവമെന്ത് ?
7. "എങ്കിലും മുറിഞ്ഞു പോകുന്ന
   സ്വാസ്ഥ്യങ്ങളുടേയും അങ്കലാപ്പുകളുടേയും
   ഈ വൈകുന്നേരത്തിൽ"
   –ഏത് സന്ദർഭത്തിലാണ് കവി ഇങ്ങനെ പ്രസ്താവിക്കുന്നത് ?
8. വിസ്മയം പോലെ ലഭിക്കും നിമിഷത്തി-നർത്ഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം–കടമനിട്ട ശാന്ത എന്ന ആത്മസ്പർശമുള്ള കവിതയിൽ ഇങ്ങനെ പറയുന്ന സമൂഹ്യ സാഹചര്യമെന്ത് ?

**Turn over**

9. നീ ഇപ്പോഴും ഈ നാടിനെ സ്നേഹിക്കുന്നുവോ ? ഈ മറുചോദ്യത്തിന്റെ സാഹചര്യവും പ്രസക്തിയും എന്ത് ?

10. കെടുതികൾ പെറ്റു കൂട്ടുന്ന വിശപ്പിന്റെ എന്ന് കരിയിലയെ കവി വിശേഷിപ്പിക്കാൻ കാരണമെന്ത് ?

11. ആധുനിക കവിതയുടെ രണ്ട് സവിശേഷതകൾ സൂചിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.

12. വീടെവിടെയെന്നാരേലും ചോദിച്ചാൽ ഞാൻ തെറ്റിച്ചു പറയും–ഇങ്ങനെ കവി പറയാൻ കാരണമെന്ത് ?

13. ഇല്ലാത്ത ബസ്സു കാത്തു നിൽക്കുന്ന ആധുനികന്റെ മനോഭാവമാണ് ബസ്സ് സ്റ്റോപ്പിൽ എന്ന കവിതയിൽ –സമർത്ഥിക്കുക.

14. എം.ബി. മനോജിന്റെ കവിതകളുടെ പൊതു സവിശേഷതകളെ ഉൾക്കൊള്ളിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.

15. എഡിറ്റർമാരില്ലാതാകുന്ന കവിത–ലഘു കുറിപ്പ് തയ്യാറാക്കുക.

(25 marks)

## Part B

ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.
അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.
പരമാവധി മാർക്ക് 35.

16. പുരാണകഥാസന്ദർഭങ്ങളെ പുതിയകാല സാഹചര്യവുമായി ചേർത്ത് വിവരിക്കുന്നത് ആധുനിക കവിതയുടെ ആഖ്യാന സവിശേഷതയാണ്. കെ.ജി. ശങ്കരപ്പിള്ളയുടെ ബംഗാളിനെ മുൻനിർത്തി വിശദമാക്കുക.

17. കാടെവിടെ മക്കളേ എന്ന കവിതയിൽ തെളിയുന്ന പാരിസ്ഥിതികാവബോധത്തെ വിമർശനാത്മകമായി വിലയിരുത്തുക.

18. "വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം–അക്കിത്തം
ഇരുട്ടിനെക്കാൾ വ്യാഖ്യാനം ദുഷ്കരം
ഈ വെയിൽ തീയാണ്
ഇവിടെ ഓരോ അണുവും ഓരോ സൂര്യനായി
എന്നെ ദഹിപ്പിക്കുന്നു–കെ.ജി. ശങ്കരപ്പിള്ള "
–വരികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. മൃഗശിക്ഷകനിലെ ഭയം എന്ന വൈകാരികാവസ്ഥയും വലയത്തിൽ നിന്ന് ചാടാനുള്ള ത്വരയും ആധുനിക ജീവിതാവസ്ഥകളിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്ന് വ്യക്തമാക്കുക.

20. നവമാധ്യമങ്ങളുടെ കാലത്തെ കവിതയെ മഷി മാഞ്ഞു പോകുന്ന കാലത്തിന്റെ കവിത എന്നു വിശേഷിപ്പിക്കുന്നതിലെ സാധ്യതയും പരിമിതിയും ചർച്ച ചെയ്യുക.

21. "ഒരു നെടുവീർപ്പെങ്കിലുമയച്ചു
ഈ നിർവികാരതയെ നീ ഭഞ്ജിക്കുക"
–കവിക്ക് നിർവികാരമായി അനുഭവപ്പെടുന്ന ജീവിത സാഹചര്യങ്ങൾ വിശദമാക്കുക.

22. "ആ ആലിൻ പൊത്തിൽ വിഷം പുരട്ടിയ

ഒരമ്പു കൊണ്ട് വെച്ചേക്കുക"

–പനി എന്ന കവിതയിൽ കവി സച്ചിദാനന്ദൻ വിശദമാക്കുന്ന സാമൂഹിക ദർശനങ്ങൾ വിവരിക്കുക.

23. "ഒരു കുറ്റിച്ചൂല്-

ഒരു നാറത്തേപ്പ്-ഞെണുങ്ങിയ വക്കാർ-

ന്നൊരു കഞ്ഞിപ്പാത്രം-

ഒരട്ടിമണ്ണവൾ - ആറ്റൂർ

പുതുമയില്ലാത്ത

ഉപമകളെന്ന് പറയരുതേ

ജീവിതമാണത് "–വിജില ചിറപ്പാട് വരികളിൽ തെളിയുന്ന സ്ത്രീ ജീവിതാവസ്ഥകളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(35 marks)

**Part C**

ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.
പരമാവധി മാർക്ക് 20.

24. അതിസാധാരണമായ ജീവിത സന്ദർഭങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും കവിത കണ്ടെടുക്കുകയാണ് പുതുകാല കവിത. പുതുകാല കവിതയുടെ പ്രമേയത്തേയും ആഖ്യാനത്തെയും മുൻനിർത്തി ഉദാഹരണ സഹിതം സമർത്ഥിക്കുക.

25. കുടുംബ ജീവിതത്തിലെ വ്യത്യസ്ത മനോഭാവങ്ങൾ വ്യക്തമാക്കുന്ന കവിതകളാണ് 'കവിപ്രേയസി'യും 'മൃഗശിക്ഷകനും' 'അടുക്കളയില്ലാത്ത വീടും' സ്വാഭിപ്രായം രേഖപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

26. ഭാഷയിലും പ്രമേയ സ്വീകരണത്തിലും സമകാലിക കവിത മുന്നോട്ടു വെയ്ക്കുന്ന കീഴാളപക്ഷ രാഷ്ട്രീയത്തെ ഉദാഹരണസഹിതം വ്യക്തമാക്കുക.

27. പനി എന്ന കവിത ചർച്ച ചെയ്യുന്ന പ്രമേയത്തിന്റെ സാധുതയും അതിനോടുള്ള നിങ്ങളുടെ പ്രതികരണവും രേഖപ്പെടുത്തുക.

(20 marks)